## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1706 14/07/2016-ൽ മറുപടിക്ക്

# ചേർത്തല ജൈക്ക (JICA) പ്രോജക്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എം. ആരിഫ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2009-ലെ ചേർത്തല ജൈക്ക (JICA) പ്രോജക്ടിലെ ജലസ്രോതസ്സായ മൂവാറ്റുപുഴ കളനൂർക്കാവ് പമ്പ് ഹൗസിലേക്ക് പ്രത്യേക വൈദ്യുതി വിതരണ ലൈൻ സ്ഥാപിക്കുന്നതിനായി 4.25 കോടി രൂപ അടച്ചിട്ടും നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും ഇതുമൂലം കുടിവെള്ള പദ്ധതിയുടെ വിതരണം പല ഘട്ടങ്ങളിലും മുടങ്ങുന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; മൂവാറ്റുപുഴ വൈദ്യുത സർക്കിളിന്റെ കീഴിൽ വരുന്ന ഈ പ്രവൃത്തി ഇത്രയും വൈകാനിടയായ സാഹചര്യമെന്തെന്ന് അന്വേഷണം നടത്തുമോ എന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഈ കാര്യത്തിൽ മനപൂർവ്വമായ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ഉത്തരവാദി ആര് എന്ന് വ്യക്തമാക്കുമോ;<br><br>(സി) ഈ പ്രവൃത്തി പൂർത്തീ കരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | **(എ) യും (ബി) യും (സി) യും**<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിറവം ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ വാട്ടർ അതോറിറ്റിയുടെ JICA പ്രോജക്ടിന്റെ കുളനൂർക്കാവ് പമ്പ് ഹൗസിലേക്ക് രണ്ട് ഡെഡിക്കേറ്റഡ് ഫീഡറുകൾ സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റി 4.25 കോടി രൂപ അടച്ചിട്ടുണ്ട്. അതിൽ ഒന്നാമത്തെ ഫീഡർ 10.08.2011 ന് ചാർജ്ജ് ചെയ്തിട്ടുണ്ട്. രണ്ടാമത്തെ ഫീഡറിനു വേണ്ടിയുള്ള 9 കി.മീ അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്ന ജോലി അതിന്റെ അവസാന ഘട്ടത്തിലാണ്. റോഡ് പൊളിച്ച് അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നതിന് പൊതുജനങ്ങളിൽ നിന്നുമുണ്ടായ എതിർപ്പും കോൺട്രാക്ടറുടെ നിസ്സഹകരണവും മൂലമാണ് ഈ പ്രവൃത്തി വൈകാനിടയായത്. ഇപ്പോൾ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും ഉടനെ തന്നെ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ